LIBRARY ARCHIVES Kerala Legislative Assembly

ചെങ്ങന്നൂർ മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ

167 (3601) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇറിഗേഷൻ വകുപ്പിലെ വിവിധ പദ്ധതികളിൽപ്പെടുത്തി ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ സാമ്പത്തിക വർഷം തിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികളിലൂടെ സർക്കാരിനും പൊതുജനങ്ങൾക്കും കർഷകർക്കും എന്ത് പ്രയോജനം ലഭിച്ചിട്ടുണ്ട് അല്ലെങ്കിൽ ലഭിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പ്രവൃത്തികളുടെ വർഷം തിരിച്ചുള്ള വിശദവിവരങ്ങളും നിലവിലെ സ്ഥിതിയും അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*.

(സി) മേൽപ്പറഞ്ഞവയിൽ 2012-13-ലെ മൂന്നാമത്തെ പ്രവൃത്തി ഒഴികെ ബാക്കിയെല്ലാം state non-plan head-ൽ അനുവദിച്ചവയാണ്. തിരുവണ്ടൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 6-ൽ മുഴക്കിർ പാടശേഖരത്തിൽ സബ്കനാൽ കല്ലുപ്പറമ്പ് കോളനി ബണ്ട് റോഡിന്റെ നവീകരണവും സംരക്ഷണവും എന്ന പ്രവൃത്തി സർക്കാർ ഉത്തരവ് സാധാ. നമ്പർ 183/2013/ഡബ്ലു.ആർ.ഡി. തീയതി 22-2-2013 പ്രകാരം 27 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ പകർപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(ഡി) പാടശേഖര പ്രദേശങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിനും ഗതാഗത സൗകര്യമൊരുക്കുന്നതിനും ടി പ്രവൃത്തികൾ സഹായകരമാകും.

ഭൂതപ്പുഴയിൽ തടയണ നിർമ്മാണം

168 (3603) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ഭൂതപ്പുഴയിലുള്ള തിരുവേഗപ്പുറ പാറക്കടവിൽ തടയണ നിർമ്മിക്കുവാനുള്ള നടപടി ഏതുഘട്ടത്തിലായെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.